# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **15.09.2021** മുതൽ **19.09.2021**വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 74/2021 | തീയ്യതി: 14/09/2021 |
|---|---|

എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 108.5 | 29.2 – 31.8 | 24.0 – 25.5 | 81 - 98 | 00 – 10 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 15-09-2021 | 16-09-2021 | 17-09-2021 | 18-09-2021 | 19-09-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 40 | 20 | 20 | 10 | 10 |
| കൂടിയ താപനില, °C | 30 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 81 | 81 | 81 | 81 | 81 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 5 | 6 | 4 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 230 | 270 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 4 | 7 |

സി. കാർഷിക നിർദ്ദേശങ്ങൾ

| | | |
|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **അടുത്ത ദിവസങ്ങളിൽ മഴ ലഭിക്കും.**<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വൃക്ഷവിളകൾ പുതുതായി നാട്ടയിടങ്ങളിൽ .മണ്ണിൽ വായു സഞ്ചാരം ലഭിക്കുന്നതിന് 20-30 സെ .മീ . ആഴത്തിൽ ഇളക്കി കൊടുക്കുക .തടത്തിൽ ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം ഒഴിക്കുക . ഇലകളിലും വളർച്ചാ മുകുളങ്ങളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക . | |
| നെല്ല് | രണ്ടാം വിള (മുണ്ടകൻ) പാടം തയ്യാറാക്കുന്ന സമയം | മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. പറിച്ചു നടുന്നതിനു മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേറ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം.പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളൂ. |

आजादी का अमृत महोत्सव

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്  | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. ഹെക്സകൊണാസോൾ 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കൊഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ഗാനോഡർമാ/ കട ചീയൽ  | |
| കവുങ്ങ് | കായ്ക്കുന്ന ഘട്ടം | ഇല/കുല കരച്ചിൽ  | ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക |
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും  | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം ഡെൽറ്റാമെത്രിൻ അര മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക |
| വഴുതിന | തൈകൾ | കടചീയൽ  | ഒരു ലിറ്റർ വെള്ളത്തിന് രണ്ടുഗ്രാം വീതം കലർത്തി ചെടികളിൽ തളിക്കുകയും മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| വഴുതിന | വിവിധ ഘട്ടം | ഇലകരിച്ചിൽ  | |

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ഒരാഴ്ചക്കുള്ളിൽ തന്നെ ഒരു ശതമാനം ബോർഡോമിശ്രിതം ലിറ്ററിന് ഒരു മില്ലി പശ കൂടി ചേർത്ത് തളിക്കുക. കുമിൾനാശിനിയായ കാർബൺടാസിം (0.1 %) അല്ലെങ്കിൽ മാങ്കൊസെബ് ( 0.2 %) രണ്ടാഴ്ച ഇടവേളയിൽ തളിച്ച് കൊടുക്കുക. |
| മഞ്ഞൾ | വളർച്ചാ ഘട്ടം | ഇലപ്പുള്ളി രോഗം  | മാങ്കോസബ് 2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക<br>അല്ലെങ്കിൽ<br>കോപ്പർ ഓക്സി ക്ലോറൈഡ് 2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി